"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാംസ്കാരികകാര്യ വകുപ്പ് - മലയാളം മിഷൻ - 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പദ്ധതിയേതര വിഹിതമായി വകയിരുത്തിയിട്ടുള്ള തുകയുടെ രണ്ടാം ഗഡു അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ(സി) വകുപ്പ്**

സ.ഉ.(സാധാ) നം.266/2024/CLAD തീയതി,തിരുവനന്തപുരം, 29-05-2024

---

പരാമർശം:- 1. സ.ഉ.(സാധാ) നം.209/2024/CLAD തീയതി, 18.04.2024

2. മലയാളം മിഷൻ ഡയറക്ടറുടെ 07.05.2024 ലെ 796/24/മ.മി നമ്പർ കത്ത്

**<u>ഉത്തരവ്</u>**

മലയാളം മിഷന് 2024-25 സാമ്പത്തിക വർഷം "2202-05-102-86(നോൺ പ്ലാൻ) " എന്ന ശീർഷകത്തിൽ പദ്ധതിയേതരവിഹിതമായി വകയിരുത്തിയിട്ടുള്ള 34,94,000/-രൂപ (മുപ്പത്തിനാല് ലക്ഷത്തി തൊണ്ണൂറ്റിനാലായിരം രൂപ മാത്രം) യിൽ നിന്നും പരാമർശം സർക്കാർ ഉത്തരവ് പ്രകാരം ഒന്നാം ഗഡുവായി 6,98,000/- രൂപ ആദ്യ ഗഡുവായി അനുവദിച്ച് നൽകിയിട്ടുണ്ട് .പദ്ധതിയേതരവിഹിതമായി വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും രണ്ടാം ഗഡുവായി 10,00,000/- രൂപ (പത്ത് ലക്ഷം രൂപ മാത്രം) അനുവദിക്കണമെന്ന് ഡയറക്ടർ പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലയാളം മിഷൻ 2024-25 സാമ്പത്തിക വർഷം ''2202-05-102-86(നോൺ പ്ലാൻ)" എന്ന ശീർഷകത്തിൽ പദ്ധതിയേതര വിഹിതമായി വകയിരുത്തിയിട്ടുള്ള 34,94,000/- രൂപയിൽ നിന്നും 4,00,000/- രൂപ (നാല് ലക്ഷം രൂപ മാത്രം) രണ്ടാം ഗഡുവായി അനുവദിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പ്രസ്തുത തുക ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള ട്രഷറി

സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പരും അനുബന്ധ വിശദാംശങ്ങളും മലയാളം മിഷൻ ഡയറക്ടർ സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതും തുക കൈപ്പറ്റി മൂന്ന് മാസത്തിനകം ധനവിനിയോഗ സാക്ഷ്യപത്രം അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതുമാണ്. മൂന്നാം ഗഡുവിനുള്ള അപേക്ഷയോടൊപ്പം രണ്ടാം ഗഡുവിന്റെ ധനവിനിയോഗസാക്ഷ്യപത്രവും വിശദമായ ചെലവ് വിവരവും മലയാളം മിഷൻ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാജേഷ് ജി ആർ

ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, മലയാളം മിഷൻ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരളം, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം .

ധനകാര്യ വകുപ്പ്(28.5.2024-ലെ EDN-C3/137/2024-Fin നമ്പർ കുറിപ്പ് പ്രകാരം)

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, തിരുവനന്തപുരം

ഡയറക്ടർ, ഐ& പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (CLAD-C1/68/2024-CLAD)

ഉത്തരവിൻ പ്രകാരം

Signed by
Mini T R
Date: 29-05-2024 14:26:26

സെക്ഷൻ ഓഫീസർ

പകർപ്പ് : സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പി.എസ്സ്.ന്